ങ്ങളിൽ മുഖ്യം അണ്വായുധ–വ്യവസായ ശാലകളിലെ മാലിന്യം എങ്ങനെ കഴിച്ചുമൂടാമെന്നതും ആയിട്ടില്ലടെന്നില്ല.

അമേരിക്കൻ അണ്വായുധ–വ്യവസായശാലകളെക്കുറിച്ചു പറഞ്ഞതെല്ലാം റഷ്യൻ–ബ്രിട്ടീഷ്–ഫ്രഞ്ച്–ചൈനീസ് അണ്വായുധവ്യവസായശാലകളെക്കുറിച്ചും പ്രസക്തമാണ്. അവയെ സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നിട്ടില്ലെന്നുമാത്രം.

ഇന്ത്യയിൽ കൂടുതൽ അണുവൈദ്യുതീനിലയങ്ങൾ സ്ഥാപിക്കണമെന്നു വാദിക്കുന്നവർ ഇതു വല്ലതും അറിയുന്നുണ്ടോ?

12 മാർച്ച്, 1989

# 43. ഭോപാൽ പീഡിതർക്ക് നഷ്ടപരിഹാരം

'ലോകത്തിലെ ഏററവും വലിയ രാസദുരന്തം' സംഭവിച്ചതു് 1984 ഡിസംബർ 2–3 തീയതികളിലായിരുന്നു. 'യൂനിയൻ കാർബൈഡ്' എന്ന അമേരിക്കൻ ബഹുരാഷ്ട്ര–വ്യവസായസ്ഥാപനത്തിൻെറ ഇന്ത്യൻ ഘടകം (സബ്സിഡിയറി) ആയ യൂനിയൻ കാർബൈഡ് ഇന്ത്യ ലിമിററഡ് ഇരുപത്തഞ്ചു കോടി രൂപ മുടക്കി മദ്ധ്യപ്രദേശ് സംസ്ഥാനത്തിൻെറ തലസ്ഥാനമായ ഭോപാലിൽ സ്ഥാപിച്ച കീടനാശിനിനിർമാണശാലയിൽ, ഭൂമിക്കടിയിൽ കുഴിച്ചിട്ട ടാങ്കുകളിൽ ദ്രവരൂപത്തിൽ സൂക്ഷിച്ചിരുന്ന 'മെഥിൽ ഐസോസയനൈററ്' (എം. ഐ. സി. )എന്ന രാസവിഷം വാതകമായി രൂപം മാറി പുറത്തു കടന്നു വായുവിൽ വ്യാപിച്ചു. 'ഈ വായു ശ്വസിച്ച രണ്ടായിരത്തെഴുനൂറ് ആളുകൾ മരിച്ചതായും നാല്പതിനായിരത്തോളം ആളുകൾക്ക് അന്ധത അടക്കം പലതരത്തിലുള്ള അംഗവൈകല്യങ്ങൾ ബാധിച്ചതായും കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതിനെത്തുടർന്നു് യൂനിയൻ കാർബൈഡ് ഇന്ത്യ ലിമിററഡ് (യൂ. സി. ഐ. എൽ.) തങ്ങൾക്ക നഷ്ടപരിഹാരം നൽകണമെന്നു നാലു ലക്ഷത്തി എൺപത്തേഴായിരത്തോളം ആളുകൾ പരാതിപ്പെട്ടു. തങ്ങളുടെ ശ്രദ്ധക്കുറവുകൊണ്ടു സംഭവിച്ച ഈ ദുരന്തംമൂലം കഷ്ടത്തിലായവരോട് അനുകമ്പ പ്രദർശിപ്പിക്കുന്നതിനു പകരം, നിയമപരമായ ബാദ്ധ്യതകളിൽനിന്നു് എങ്ങനെയെങ്കിലും കുതറിച്ചാടാനാണ് യൂ. സി. ഐ. എൽ. ശ്രമിച്ചതു്. ഉത്തരവാദിത്തം തങ്ങൾക്കില്ലെന്നു വരുത്താനായി അട്ടിമറിക്കാരായ ഏതാനും തൊഴിലാളികൾ എം. ഐ. സി. നിറച്ച ടാങ്കുകളിൽ വെള്ളം കടത്തിവിട്ടതിനാലാണ് ഈ അപകടം സംഭവിച്ചതെന്ന ഒരു വാദഗതി യൂ. സി. ഐ. എൽ. ഉന്നയിച്ചു. ഈ വാദം കളവാണെന്നു പിന്നീടു നടന്ന അന്വേഷണങ്ങളിൽ തെളിഞ്ഞു.

പീഡിതർക്ക് ആശ്വാസം നൽകാൻ ഇന്ത്യാഗവണ്മെൻറ് രംഗത്തു വന്നതു വളരെ താമസിച്ചാണെന്ന ആക്ഷേപം ഉണ്ടായിരുന്നു. ഇതിനിടയിൽ കമ്പനിക്കെതിരെ പീഡിതരുടെ കേസ് വാദിച്ചു പണമുണ്ടാക്കാമെന്ന വ്യാമോഹത്തോടെ ഒരുപററം അമേരിക്കൻ അഭിഭാഷകർ രംഗത്തു വന്നു. പീഡിതർക്കു പേരിനു് എന്തെങ്കിലും സഹായം നൽകി സ്വന്തം ബാദ്ധ്യത ഒഴിവാക്കാൻ യൂ. സി. ഐ. എൽ. ശ്രമം തുടങ്ങുകയുംചെയ്തു. അമേരിക്കൻ അഭിഭാഷകരെ ഒഴിവാക്കാനും പീഡിതർക്കു ന്യായമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനുമായി, പീഡിതർക്കുവേണ്ടി കമ്പനിക്കെതിരെ കേസ്സു നടത്തേണ്ട ബാദ്ധ്യത പൂർണമായി ഇന്ത്യാഗവണ്മെൻറ് ഏറെറടുത്തു.

ഭോപാൽ നഗരത്തിലെ ആകെ നിവാസികളിൽ പകുതിയോളം പേർ നഷ്ടപരിഹാരം ആവശ്യപ്പെട്ടു പരാതി ബോധിപ്പിച്ചിരുന്നു. ഇവരിൽ യഥാർത്ഥ പീഡിതർ ആരൊക്കെയെന്നു വൈദ്യപരിശോധനയിലൂടെ നിർണയിക്കേണ്ടി

യിരുന്നു, ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത ഇന്ത്യാഗവണ്മെൻറ് കാണിച്ചില്ലെന്നു പറയപ്പെടുന്നുണ്ട്. കമ്പനിക്കെതിരായ കേസ്സിൽ തീരുമാനമാവാൻ വളരെ സമയമെടുക്കുമെന്നതിനാൽ, പീഡിതർക്ക് ഉടനെ ആശ്വാസം നൽകാൻ മുന്നൂററമ്പതു കോടി രൂപ കമ്പനിയിൽനിന്നു വാങ്ങിത്തരണമെന്ന് ഇന്ത്യാഗവണ്മെൻറ് കോടതിയോട് അപേക്ഷിച്ചു. മദ്ധ്യപ്രദേശ് ഹൈക്കോടതി ഈ തുക ഇരുനൂററമ്പതുകോടി രൂപയായി ചുരുക്കി. മരിച്ചവരുടെ അവകാശികൾക്കും പൂർണമായ അംഗവൈകല്യം ബാധിച്ചവർക്കും ഒരുലക്ഷം രൂപവീതവും, ഭാഗികമെങ്കിലും സ്ഥിരമായ അംഗവൈകല്യം ബാധിച്ചവർക്ക് അമ്പതിനായിരം രൂപവീതവും, ഭാഗികവും താൽക്കാലികവും ആയ അംഗവൈകല്യം ബാധിച്ചവക്ക് ഇരുപത്തയ്യായിരം രൂപ വീതവും ഇടക്കാലാശ്വാസം നൽകാനായി ഈ തുക വിനിയോഗിക്കണമെന്നു കോടതി നിർദേശിക്കുകയുംചെയ്തു. ഹൈക്കോടതി ഇടക്കാലാശ്വാസം അനുവദിച്ചതിനെതിരെ കമ്പനിയും തുക കുറച്ചതിനെതിരെ ഇന്ത്യാഗവണ്മെൻറും സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റീസ് ശ്രീ ആർ. എസ്. പാഠക് അടക്കം അഞ്ചു ജഡ്ജിമാർ ചേർന്ന സുപ്രീംകോടതിയുടെ കോൺസ്റ്റിററ്യൂഷൻ ബെഞ്ച് നിർദേശിച്ച മാദ്ധ്യസ്ഥ്യം കമ്പനിയും ഇന്ത്യാഗവണ്മെൻറും സ്വീകരിച്ചു. അങ്ങനെ നാല്പത്തേഴു കോടി ഡോളർ (എഴുനൂററിപ്പതിനഞ്ചു കോടി രൂപ) ഭോപാൽ പീഡിതർക്കു നഷ്ടപരിഹാരം നൽകുന്നതിനായി യൂനിയൻ കാർബൈഡ് ഇന്ത്യാ ലിമിററഡ് കമ്പനി ഇന്ത്യാഗവണ്മെൻറിനു് 1989 മാർച്ച് 23-ാം തീയതി നൽകണമെന്നു് സുപ്രീം കോടതി ഇക്കഴിഞ്ഞ ഫെബ്രുവരി 15-ാം തീയതി നിർദേശിച്ചു.

എന്തു് അടിസ്ഥാനത്തിലാണ് പീഡിതരിൽ ഓരോരുത്തർക്കും നഷ്ടപരിഹാരം നൽകേണ്ടതു് എന്നു് സുപ്രീം കോടതി വ്യക്തമാക്കിയിട്ടില്ല. കമ്പനിയുടെ ശ്രദ്ധക്കുറവു നിമിത്തം കഷ്ടത്തിലായ ആയിരക്കണക്കിനു പീഡിതരോടു കമ്പനിയോ ഇന്ത്യാഗവണ്മെൻേറാ കോടതിയോ നീതിപുലർത്തിയിട്ടില്ല എന്ന ആക്ഷേപം, സ്വാഭാവികമായും ഉയർന്നുവന്നിട്ടുണ്ട്. ഒരു ഘട്ടത്തിൽ നഷ്ടപരിഹാരമായി അറുപതുകോടി ഡോളർ നൽകാൻ കമ്പനി തയ്യാറായിരുന്നുവത്രെ. ഇന്ത്യാ ഗവണ്മെൻറ് കമ്പനിയിൽനിന്നു് ആവശ്യപ്പെട്ടിരുന്ന നഷ്ടപരിഹാരത്തുക മുന്നൂററിരുപതുകോടി ഡോളർ ആയിരുന്നു. ആ നിലയ്ക്കു്, ഇപ്പോൾ അംഗീകരിക്കപ്പെട്ട നഷ്ടപരിഹാരത്തുക തുലോം കുറഞ്ഞുപോയി എന്ന ആരോപണത്തിൽ കഴമ്പില്ലാതില്ല.

ആധുനിക-വ്യാവസായികസംസ്കാരത്തിൻെറ അടിത്തറ രാസവ്യവസായങ്ങളാണ്. സൂക്ഷിച്ചു കൈകാര്യംചെയ്തില്ലെങ്കിൽ ജീവനും പരിസ്ഥിതിക്കും നികത്താനാവാത്ത നഷ്ടം വരുത്തിവയ്ക്കുന്നവയാണ് എല്ലാ രാസവ്യവസായങ്ങളും. സമ്പന്നരാജ്യങ്ങളിലെ രാസവ്യവസായശാലകളിൽ എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ, പീഡിതർക്കു കനത്ത തുകകൾ നഷ്ടപരിഹാരമായി നൽകാൻ കമ്പനികൾ നിർബദ്ധരാണ്. ഭോപാൽദുരന്തം സംബന്ധിച്ച കേസ്സ് അമേരിക്കൻ കോടതികളിലാണു ഫയൽ ചെയ്തിരുന്നതു് എങ്കിൽ, ഇതിലുമെത്രയോ വലിയ തുക നഷ്ടപരിഹാരമായി നിർദേശിക്കപ്പെടുമായിരുന്നു. എന്നാൽ, ഈ കേസ് ഇന്ത്യയിലെ കോടതികളാണു കൈകാര്യംചെയ്യേണ്ടതു് എന്നു് 1986 മെയ്മാസത്തിൽ ന്യൂയോർക്ക് ഫെഡറൽ ഡിസ്ട്രിക്റ്റ് ജഡ്ജി വിധിക്കുകയാണുണ്ടായതു് ഇതു കമ്പനിയെ സഹായിക്കാനായിരുന്നു എന്നു കരുതുന്നവർ കുറവല്ല.

നഷ്ടപരിഹാരത്തുക കുറയ്ക്കുന്നതിനുവേണ്ടി ആപത്കരങ്ങളായ രാസവ്യവസായങ്ങൾ ദരിദ്രരാജ്യങ്ങളിൽ സ്ഥാപിക്കാനാണ് ഇപ്പോൾ ബഹുരാഷ്ട്രക്കമ്പനികൾ ഇഷ്ടപ്പെടുന്നതു്. ദരിദ്രരാജ്യങ്ങളാകട്ടെ, വ്യവസായവത്കരണത്തിനുവേണ്ട മൂലധനമോ സാങ്കേതികജ്ഞാനമോ ഇല്ലാത്തവയും വ്യവസായവത്കരണത്തിനുവേണ്ടി ദാഹിക്കുന്നവയും വ്യാവസായിക മലിനീകരണത്തിൻെറ ദുഷ്ഫലങ്ങളെപ്പററി മനസ്സിലാക്കാത്തവയുമാണ്. ദരിദ്രരാജ്യങ്ങളിലെ സർക്കാ

ങ്ങളെയും അവയെ നിയന്ത്രിക്കുന്ന പാർട്ടികളെയും വ്യക്തികളെയും വിലയ്ക്കു വാങ്ങാൻ ബഹുരാഷ്ട്രക്കമ്പനികൾക്ക പ്രയാസമില്ല. അതിനാൽ, ദരിദ്രരാജ്യങ്ങളിലെ വിഭവങ്ങൾ പരമാവധി ചൂഷണംചെയ്ത കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ലാഭമുണ്ടാക്കാൻ ബഹുരാഷ്ട്രക്കമ്പനികൾക്ക സാധിക്കുന്നു. അശ്രദ്ധമൂലം വൻതോതിലുള്ള അപകടങ്ങൾ സംഭവിച്ചാലും നിസ്സാരമായ പ്രതിവിധികൾചെയ്ത കമ്പനികൾ രക്ഷപ്പെടുന്നു. ഭോപാൽ ദുരന്തം ഈ വിഷയത്തിൽ ലോകത്തിനാകെ ഒരു പാഠമാകുന്നു. കൂടുതൽ തുക നഷ്ടപരിഹാരമായി ആവശ്യപ്പെട്ടാൽ ബഹുരാഷ്ട്രക്കുത്തകകൾ കമ്പനി പൂട്ടി സ്ഥലംവിട്ടാലോ എന്നാണ് ദരിദ്രരാജ്യങ്ങളുടെ ഭയം.

എന്തിനു ബഹുരാഷ്ട്രക്കുത്തകകൾ? താരതമ്യേന ചെറിയ, ഇന്ത്യൻ കുത്തകളിലൊന്നായ ബിർളയുടെ മാവൂരിലുള്ള ഗ്വാളിയോർ റയോൺസ് കേരളത്തിന്റെ വിഭവങ്ങൾക്കും പരിസ്ഥിതിക്കും വരുത്തിവെച്ച നാശം നമുക്ക നല്ലപോലെ അറിയാവുന്നതല്ലേ?ഭരിക്കുന്നേതു് ഏതു പാർട്ടിയോ പാർട്ടികളോ ആയാലും കേരള ഗവണ്മെൻറ് ഈ കമ്പനിയുടെ മുമ്പിൽ നിസ്സഹായമായി മുട്ട മടക്കി, കരുണയാചിച്ച കമ്പനി മുന്നോട്ടുവയ്ക്കുന്ന എല്ലാ വ്യവസ്ഥകളും സമ്മതിച്ച് എല്ലാ ചൂഷണത്തിനും അനുവദിച്ച് ഏതു നഷ്ടവും സഹിച്ച ദാസഭാവത്തിൽ നിലകൊള്ളുന്നതു് നമ്മുടെ ദീർഘകാലാനുഭവമല്ലേ?

17 ഫെബ്രുവരി 1989

## 44. പുതിയ ദേശീയ വനനയം

ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് ഗവണ്മെൻറ് 1894–ാമാണ്ടിൽ ഇവിടത്തെ വനങ്ങളെ സംബന്ധിച്ച ഒരു നയം ആവിഷ്കരിച്ചിരുന്നു. വനസംരക്ഷണത്തെക്കാളേറെ വനവിഭവങ്ങളുടെ ചൂഷണത്തിനു പ്രാധാന്യം നൽകിയിരുന്ന ഈ നയത്തിൽ ചില ഭേദഗതികൾ വരുത്തി, 1952–ൽ ഒരു ദേശീയ വനനയം സ്വതന്ത്ര ഭാരത സർക്കാർ പ്രഖ്യാപിച്ചു. തുടർന്നുള്ള വർഷങ്ങളിൽ, ഒരു വശത്തു മുമ്പൊരിക്കലും ഉണ്ടാവാത്തവിധത്തിൽ ക്രൂരമായ വനവിധ്വംസനം തുടർന്നുകൊണ്ടിരിക്കേ, മറുവശത്തു വനങ്ങളുടെ പരിസ്ഥിതിപരവും സാമ്പത്തികവും സാമൂഹ്യവുമായ പ്രാധാന്യത്തെപ്പററിയുള്ള ബോധം ജനങ്ങൾക്കിടയിൽ വ്യാപിച്ചുവന്നു. ഇന്ത്യയിൽ ആകെയുള്ള ഭൂവിസ്തൃതിയിൽ മൂന്നിലൊരു ഭാഗം വനങ്ങളായിരിക്കണമെന്ന് 1952–ലെ വനനയത്തിൽ നിർദേശിച്ചിരുന്നു. അനിയന്ത്രിതമായ കൈയേററത്തിൻഫലമായി ഇപ്പോൾ വനഭൂമിയുടെ മൊത്തം വിസ്തൃതി ഈ ദേശീയലക്ഷ്യത്തിൽനിന്ന് എത്രയോ താഴെയാണ്. വനം നശിച്ചതിനെത്തുടർന്ന് വളരെയധികം സസ്യ–ജന്തു–വർഗങ്ങൾ ഭൂമുഖത്തുനിന്ന് എന്നെന്നേക്കുമായി തിരോഭവിച്ചു; മററു പല സസ്യ–ജന്തുവർഗങ്ങളും നിത്യനാശഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയുമാണ്. മണ്ണൊലിപ്പുമൂലം പുഴകളുടെ തലം ഉയർന്നുയർന്നു വന്നതിൻഫലമായി വർഷകാലത്തു വെള്ളപ്പൊക്കങ്ങളും വേനൽക്കാലത്തു വരൾച്ചകളും നിത്യാനുഭവങ്ങളായി. ഭൂമിയുടെ പരിസ്ഥിതിപരമായ സ്ഥിരത നഷ്ടപ്പെട്ടു. അതിനാൽ, വനവിഭവങ്ങളുടെ ചൂഷണത്തെക്കാളേറെ വനസംരക്ഷണത്തിനു പ്രാധാന്യം നൽകിക്കൊണ്ടു് ദേശീയ വനനയം പുനരാവിഷ്കരിക്കണമെന്ന വാദം പ്രബലമായി.

ചിരപ്രതീക്ഷിതമായ പുതിയ ദേശീയ വനനയം 1988 ഡിസംബർ 7–ാം തീയതി കേന്ദ്ര–പരിസ്ഥിതി–വനമന്ത്രി ശ്രീ ഇസഡ്. എ. അൻസാരി പാർലമെൻറിൽ സമർപ്പിച്ചു. വിദഗ്ധരുടെ ഗൗരവപൂർണമായ പഠനത്തിനും രാജ്യ